(എ) സംസ്ഥാനത്തൊട്ടാകെ പട്ടയം ലഭിക്കുന്നതിനുവേണ്ടിയുള്ള എത്ര അപേക്ഷകൾ കെട്ടിക്കിടപ്പുണ്ട്;

(ബി) കെട്ടിക്കിടക്കുന്ന അപേക്ഷകളുടെ ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

ഉത്തരം

(എ) 45128 അപേക്ഷകൾ.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.†

83 (1309) വയനാട് ജില്ലയിലെ പട്ടയ വിതരണം

ശ്രീ. വർഗ്ഗീസ് വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ നിരവധി കൈവശ കർഷകർക്ക് ഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ വർഷം തന്നെ പട്ടയം കൊടുത്തു തീർക്കാൻ വേണ്ട നടപടികൾ കൈക്കൊള്ളുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) നടപടികൾ സ്വീകരിക്കുന്നതാണ്.

84 (1310) പട്ടയം

ശ്രീ. എം. പി. വർഗ്ഗീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് താലൂക്കിൽ അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിൻമേൽ എത്ര പേർക്ക് പട്ടയം കൊടുത്തു എന്ന് വ്യക്തമാക്കുമോ;

(ബി) ബാക്കിയുള്ളവർക്ക് എന്നത്തേക്ക് കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കുന്നത്തുനാട് താലൂക്കിൽ ലാന്റ് അസൈൻമെന്റ് കമ്മിറ്റി പാസ്സാക്കിയ അപേക്ഷകളിന്മേൽ 38 പേർക്ക് നാളത് പട്ടയം നൽകിയിട്ടുണ്ട്.

(ബി) ബാക്കിയുള്ളവരിൽ അർഹരായവർക്ക് അടിയന്തിരമായി പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

85 (1311) മത്സ്യത്തൊഴിലാളികൾക്ക് പട്ടയം

ശ്രീ. ബാബു ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

---

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്തിന്റെ തീരപ്രദേശങ്ങളിൽ എത്ര മത്സ്യത്തൊഴിലാളികൾ പാർക്കുന്നുവെന്ന് കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ;

(സി) കടലോര പ്രദേശങ്ങളിൽ വളരെ വർഷക്കാലമായി താമസിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് പട്ടയം നൽകുന്നതിന് സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്, 1,28,229 മത്സ്യത്തൊഴിലാളി കുടുംബങ്ങളിലായി 1,82,441 മത്സ്യത്തൊഴിലാളികൾ താമസിക്കുന്നുണ്ട്.

(ബി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(സി) മത്സ്യത്തൊഴിലാളികൾക്ക് അനുവദിച്ച കോളനികളിൽ സമയബന്ധിതമായി പട്ടയം വിതരണം ചെയ്യണമെന്ന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

86 (1312) കടലോര പുറമ്പോക്കു ഭൂമി

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ എത്ര ഏക്കർ കടലോര പുറമ്പോക്കു ഭൂമിയുണ്ട്;

(ബി) പ്രസ്തുത പുറമ്പോക്കു ഭൂമി പതിച്ചു കൊടുക്കാൻ നടപടി എടുത്തിട്ടുണ്ടോ;

(സി) പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന എത്ര കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ ബാക്കിയുണ്ട് എന്നും അവ ഏതെല്ലാം പഞ്ചായത്തിൽ എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചു വരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ തീരദേശ സംരക്ഷണ നിയമത്തിന്റെ പരിധിയിൽ പ്രസ്തുത ഭൂമി വരുന്നതുകൊണ്ട് വീട് വയ്ക്കുവാൻ പതിച്ചു നൽകാൻ നിർവ്വാഹമില്ല.

(സി) പുറമ്പോക്കു ഭൂമിയിൽ താമസിക്കുന്ന 27 കുടുംബങ്ങൾക്ക് ഭൂമി വിതരണം ചെയ്യാൻ ബാക്കിയുണ്ട്. അവ താഴെ പറയും പ്രകാരമാണ്.

ചേമഞ്ചേരി പഞ്ചായത്ത്	18
പയ്യോളി പഞ്ചായത്ത്	9
	27

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

ആലപ്പുഴ	2426	362
കോട്ടയം	2048	20
ഇടുക്കി	5856	57
എറണാകുളം	5841	113
തൃശ്ശൂർ	3161	356
പാലക്കാട്	2213	7
കോഴിക്കോട്	374	43
കണ്ണൂർ	71	4
മലപ്പുറം	313	-
വയനാട്	598	-
കാസർഗോഡ്	6957	1591
	40,221	1,591
ആകെ	**45,128 അപേക്ഷകൾ**	

അനുബന്ധം V

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 85(1311) കാണുക

തീരപ്രദേശത്തെ മത്സ്യത്തൊഴിലാളികളുടെ ജില്ല തിരിച്ചുള്ള കണക്ക്

ജില്ല	കുടുംബങ്ങൾ	എണ്ണം
തിരുവനന്തപുരം	31277	50840
കൊല്ലം	14931	20212
ആലപ്പുഴ	21889	29977
എറണാകുളം	12241	15552
തൃശ്ശൂർ	7890	9197
മലപ്പുറം	15789	22325
കോഴിക്കോട്	12917	18179
കണ്ണൂർ	4911	5713
കാസർഗോഡ്	6384	10451
	128229	**182441**

LIBRARY ARCHIVES Kerala Legislative Assembly